# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 400 20/07/2015 ൽ മറുപടിക്ക്

## സ്വയം വിലയിരുത്തൽ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി<br>,, ഇ.ചന്ദ്രശേഖരൻ<br>,, കെ.രാജു<br>,, ഇ.കെ.വിജയൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ സ്കൂൾ അധ്യാപകർക്ക് സ്വയം വിലയിരുത്തൽ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

എ) ഉണ്ട്

ബി) അധ്യാപകരുടെ സ്വയം വിലയിരുത്തലിന്റെ മാർഗ്ഗരേഖകൾ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ബി) ഉണ്ട്. എ ൻ.സി.ഇ.ആർ.ടി തയ്യാറാക്കി അയച്ചു തന്ന ദേശീയതലത്തിലുള്ള പിൻഡിക്സ് സൂചകങ്ങളെ കേരളീയ സാഹചര്യത്തിന് അനുസൃതമായി രൂപപ്പെടുത്തി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 2014-15 വർഷം എല്ലാ ജില്ലകളിലും 200 അധ്യാപകരിൽ മേൽ പറഞ്ഞ പിൻഡിക്സ് സൂചകങ്ങൾ ട്രൈ ഔട്ട് ചെയ്തു. ഈ വർഷം 14 ലക്ഷം രൂപ പദ്ധതിയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിച്ചി ട്ടുണ്ട്. എല്ലാ അധ്യാപകർക്കും വർഷത്തിൽ ഒ രു തവണ ഈ സ്വയം വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സൂചകങ്ങൾ ഉപയോഗിച്ച് സ്വയം വിലയിരുത്തി അവരവരുടെ ക്ഷമത വികസിപ്പിക്കാൻ കഴിയണം.

ഉദ്ദേശ്യങ്ങൾ

1. അധ്യാപിക/ അധ്യാപകൻ തന്റെ പഠന ബോധനപ്രക്രിയയെ സൂക്ഷ്മതലത്തിൽ അവലോകനം ചെയ്യുന്നതിന്.
2. സ്വയംമെച്ചപ്പെടുന്നതിന് ആവശ്യമായ തനതു പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള അഭിപ്രേരണ ലഭിക്കുന്നതിന്

3. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള അധിക ശ്രമങ്ങൾ ഏറ്റെടുക്കുന്നതിന്
4. സമഗ്ര വിദ്യാലയ വികസന പ്രക്രിയയിൽ തന്റെ സ്ഥാനം തിരിച്ചറിഞ്ഞ് സ്വയം മെച്ചപ്പെടുത്തുന്നതിന്
5. വിദ്യാലയത്തിന്റെ മൊത്തം ഗുണപരതവ്യക്തമാക്കുന്ന ഒരു രേഖയായി ഉപയോഗപ്പെടുത്തുന്നതിന്.
6. സ്കൂൾ / ക്ലസ്റ്റർ/ ബ്ലോക്ക് തലങ്ങളിൽ അധ്യാപകർക്ക് ഗുണകരമായ ഫീഡ്ബാക്ക് ഏറ്റെടുക്കുന്നതിന്.

| | | | |
|---|---|---|---|
| സി) | ഇത്തരം റിപ്പോർട്ടുകൾ ഭാവിയിൽ അധ്യാപകരുടെ സ്ഥാനക്കയറ്റം അടക്കമുള്ള കാര്യങ്ങൾക്ക് അടിസ്ഥാനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | ഇല്ല |

സെക്ഷൻ ഓഫീസർ